## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2895** **18.06.2019 ൽ മറുപടിക്ക്**

### വെഞ്ഞാറമൂട് റിംഗ് റോഡിന്റെ നവീകരണം

| **ചോദ്യം**<br>**ശ്രീ.ഡി.കെ. മുരളി** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വെഞ്ഞാറമൂട് റിംഗ് റോഡിന്റെ നവീകരണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വെഞ്ഞാറമൂട് റിംഗ് റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് കരാർ നൽകി പ്രവൃത്തി പുരോഗമിക്കുന്നു. |
| (ബി) പ്രസ്തുത റോഡിന്റെ കരാറുകാരൻ, കരാറിൽ പറഞ്ഞിരിക്കുന്ന പ്രകാരം, സമയബന്ധിതമായി തീർക്കേണ്ട പ്ലാൻ പ്രകാരമുള്ള പണികൾ തീർക്കുന്നുണ്ടോ; വിശദമാക്കാമോ;<br><br>(സി) പ്ലാൻ പ്രകാരമുള്ള പണികൾ നിർവ്വഹിച്ചിട്ടില്ലായെങ്കിൽ കരാറുകാരനെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ പ്ലാൻ പ്രകാരമുള്ള പണികൾ കരാറുകാരൻ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ പുരോഗതിക്ക് തടസ്സമായിരുന്ന യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തിക്കായുള്ള തുക കേരള വാട്ടർ അതോറിറ്റിക്കും, കെ.എസ്.ഇ.ബി യ്ക്കും ഒടുക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾ നടന്നു വരുന്നു. കൂടാതെ കരാറുകാരന് പ്രവൃത്തി ത്വരിതപ്പെടുത്താനും നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ രീതിയിൽ പ്രോഗ്രാം പുതുക്കി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തി പൂർത്തിയായതിനു ശേഷവും പണിയിൽ വീഴ്ച വരുത്തുന്ന പക്ഷം കരാറുകാരനെതിരെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ